# 61. കസ്തൂരിമാൻ രക്ഷപ്പെട്ടുവോ...?

പാവം കസ്തൂരിമാനിനെപ്പററി ഈ പംക്തിയിൽ 1981–ലും 1987–ലും ഞാൻ എഴുതിയിരുന്ന ആദ്യത്തെ ലേഖനത്തിൽ (കസ്തൂരി—വെല്ലുവിളികൾ പ്രതികരണങ്ങൾ, പേജ് 401–403) മുഖ്യമായി പ്രതിപാദിച്ചിരുന്നത് ആവാസവ്യൂഹം നഷ്ടപ്പെട്ടതുകൊണ്ടും അമിതമായ കള്ളവേട്ടകൊണ്ടും കസ്തൂരിമാനിന് വംശനാശം അടുത്തു എന്ന വസ്തുതയും അതു നിമിത്തം ആയുർവേദ–യൂനാനി ഔഷധങ്ങളിൽ യഥാർത്ഥ കസ്തൂരി ചേർക്കാൻ കഴിയാതായി എന്ന വസ്തുതയുമാണ്. വംശനാശത്തിൽനിന്ന് കസ്തൂരിമാനിനെ രക്ഷിക്കാൻ ലോകവ്യാപകമായി നടന്നുവരുന്ന പരിശ്രമങ്ങളും ആ മൃഗത്തെ കൊല്ലാതെതന്നെ കസ്തൂരി പുറത്തെടുക്കാനുള്ള ഒരു പ്രക്രിയ കണ്ടെത്തിയതും ആയിരുന്നു രണ്ടാമത്തെ ലേഖനത്തിലെ (മാനിനെ കൊല്ലാതെ കസ്തൂരി—വിചിന്തനങ്ങൾ വിശദീകരണങ്ങൾ, പേജ് 420–422) പ്രധാന പ്രതിപാദ്യങ്ങൾ. ഈ വിഷയത്തിൽ ഇപ്പോൾ ലഭ്യമായ കൂടുതൽ അറിവ് വായനക്കാരുമായി പങ്കിടുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

വടക്കേ പാകിസ്ഥാൻ, വടക്കുപടിഞ്ഞാറ്—വടക്ക്—ഇന്ത്യ, ഭൂട്ടാൻ നേപ്പാൾ, തിബത്ത്, തെക്കുപടിഞ്ഞാറെ ചൈന, വടക്കെ ബർമ എന്നിവിടങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഹിമാലയത്തിലെ 2700 മീററർ മുതൽ 4200 മീററർവരെ ഉയരമുള്ള വനപ്രദേശങ്ങളിൽ ഒരു കാലത്ത് ധാരാളമായി കാണപ്പെട്ടിരുന്ന കസ്തൂരിമാനിനെ (മോസ്കസ് മോസ്കസ് മോസ്കിഫെറസ് എന്ന് ശാസ്ത്രീയനാമം) ഈ മേഖലയിൽ അപൂർവം ചില സ്ഥലങ്ങളിൽ വിരളമായി മാത്രമേ ഇപ്പോൾ കാണാൻ കഴിയൂ. വനധ്വംസനംകൊണ്ട് ഭക്ഷ്യലഭ്യത കുറഞ്ഞതു്, ശീതോഷ്ണസ്ഥിതിയിലുണ്ടായ മാററം, കസ്തൂരിക്കുവേണ്ടിയുള്ള അനിയന്ത്രിതമായ വേട്ടയാടൽ എന്നിവയാണ് ഭീരുവായ ഈ ചെറുമാനിനെ വംശനാശത്തിന്റെ വക്കത്ത് എത്തിച്ചതു്.

മുതിർന്ന കസ്തൂരിമാനിന് തോൾപ്രദേശത്ത് അര മീററോളം ഉയരവും പതിനേഴ കിലോഗ്രാമിനോളം ശരീരഭാരവും ഉണ്ടായിരിക്കും. അതിന് കൊമ്പുകൾ ഇല്ല. പക്ഷേ, ആൺകസ്തൂരിമാനിന്റെ കീഴ്‌വരിയിലെ ഉളിപ്പല്ലുകൾ 15 സെൻറിമീററോളം നീളത്തിൽ ദംഷ്ട്രകൾപോലെ പുറത്തേക്കു തള്ളിനിൽക്കുന്നുണ്ടാവും. മഞ്ഞിലും പാറകളിലും തുള്ളിത്തുള്ളി നടക്കാൻ സാധിക്കുമാറ് പ്രത്യേക ആകൃതിയിലുള്ളവയാണ് കുളമ്പുകൾ. മുയലിന്റേതുപോലെ വലിയ ചെവികളാണ് കസ്തൂരിമാനുകൾക്കുള്ളതു്. ചീററുകയോ തുമ്മുകയോ ചെയ്യുന്നതുപോലെയാണ് അവയുടെ ശബ്ദം. ഭയപ്പെടുമ്പോഴാണ് ഇവ സാധാരണയായി ഈ ശബ്ദം പുറപ്പെടുവിക്കുന്നതു്. സാധാരണ കാലങ്ങളിൽ ഒററയ്ക്കു സഞ്ചരിക്കാൻ ഇഷ്ടപ്പെടുന്ന ഇവ മദി(പുളപ്പ്)കാലത്ത് കൂട്ടം ചേർന്നു നടക്കുന്നതു കാണാം.

മുതിർന്ന ആൺകസ്തൂരിമാനിന്റെ ശരീരത്തിനകത്ത് കീഴ്‌വയററിൽ ഒരു പ്രത്യേക ഗ്രന്ഥിയിൽ കാണുന്നതാണ് കറുപ്പോ ചുവപ്പു കലർന്ന ഇളം തവിട്ടോ നിറമുള്ള കസ്തൂരി. പുതിയ കസ്തൂരി അർദ്ധദ്രവരൂപത്തിലായിരിക്കും; ഉണങ്ങിയാൽ ഇതു് പൊടിയാവും. ഈ സുഗന്ധദ്രവ്യത്തിനുവേണ്ടിയാണ് വേട്ടക്കാർ കസ്തൂരിമാനുകളെ കൊന്നൊടുക്കുന്നതു്. മുതിർന്ന ആൺമാനിന്റെ ശരീരത്തിനകത്തുമാത്രമേ കസ്തൂരി ഉള്ളൂ; എങ്കിലും വേട്ടക്കാർ, പ്രത്യേകിച്ചു കള്ളവേട്ടക്കാർ, ആൺ-പെൺ വ്യത്യാസമോ ബാല–വൃദ്ധ വ്യത്യാസമോ നോക്കാൻ മിനക്കെടാറില്ല. പത്തു കസ്തൂരിമാനുകളെ വെടിവയ്ക്കുമ്പോൾ അവയിൽ നാലിലധികം കസ്തൂരി കിട്ടുന്ന മുതിർന്ന ആൺമാനുകൾ ഉണ്ടാവാറില്ലത്രെ. നായ്ക്കളെ വിട്ട് ഓടിച്ചു തളർത്തി വെടിവെച്ചും, വിഷം പുരട്ടിയ കന്തങ്ങൾ

നാട്ടി അവയുടെ മുകളിലേക്ക് വിരട്ടിയോടിച്ച് കയററിയും കുടുക്കുവെച്ചുമാണ് കള്ളവേട്ടക്കാർ ഇവയെ കൊല്ലുന്നത്. ഈ വേട്ട ആണ്ടിൽ പന്ത്രണ്ട് മാസവും നടക്കുന്നു. ഇതിൻഫലമായി ഇന്ത്യയിലാകെ രണ്ടായിരത്തിലധികം കസ്തൂരിമാനുകളില്ലെന്ന നില 1983—ൽ വന്നുചേർന്നു. വംശനാശഭീഷണി നേരിട്ട കസ്തൂരിമാനിനെ പ്രകൃതിസംരക്ഷണത്തിനുള്ള അന്താരാഷ്ട്രീയ സംഘടന (ഇൻറർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ ആൻഡ് നാച്ചുറൽ റിസോഴ്സസ്—ഐ. യു. സി. എൻ.) 'ചുവന്നപുസ്തക'ത്തിൽ ഉൾപ്പെടുത്തുകയുംചെയ്തു. എന്നിട്ടും കസ്തൂരിമാനുകളുടെ കള്ളവേട്ട ഇന്ത്യയിൽ വൻതോതിൽ ഇപ്പോഴും നടന്നുവരുന്നുണ്ടെന്നാണ് അറിയുന്നത്. നിയമം കർശനമാക്കിയ തോതിന് കള്ളവേട്ടക്കാർ കൂടുതൽ സംഘടിതർ ആയിരിക്കുന്നു.

ഒരു കിലോഗ്രാം കസ്തൂരിക്ക് ഇപ്പോൾ അന്താരാഷ്ട്രവിപണിയിൽ അഞ്ചുലക്ഷം രൂപവരെ വിലയുണ്ട്. ഒപ്പം തൂക്കമുള്ള സ്വർണത്തിൻെറ വിലയെക്കാൾ എത്രയോ കൂടുതലാണിത്. ആണ്ടിൽ ഇരുനൂറു കിലോഗ്രാം കസ്തൂരിയോളം അന്താരാഷ്ട്രവിപണിയിൽ ഇപ്പോഴും വില്പനചെയ്യപ്പെടുന്നുണ്ടത്രേ. ഏതാണ്ട് നൂററമ്പതോളം മാനുകളെ കൊന്നാലേ ഒരു കിലോഗ്രാം കസ്തൂരി കിട്ടുകയുള്ളൂ. സുഗന്ധവസ്തുക്കളിൽ ഇപ്പോൾ കസ്തൂരി ചേർക്കുന്നത് അപൂർവമാണ്. രാസവസ്തുക്കൾ കൊണ്ടുണ്ടാക്കിയ കൃത്രിമകസ്തൂരിയാണ് ഈ ആവശ്യം നിറവേററുന്നത്. എന്നാൽ, ഔഷധാവശ്യത്തിനുവേണ്ടി ആണ്ടുതോറും പത്തുമുതൽ പതിനഞ്ചുവരെ കിലോഗ്രാം കസ്തൂരി ഇന്ത്യയിൽ ഇപ്പോഴും ഉപയോഗിക്കപ്പെടുന്നുണ്ട്. നൂററമ്പതോളം തരം ആയുർവേദമരുന്നുകളിലും അമ്പതോളം തരം യൂനാനിമരുന്നുകളിലും കസ്തൂരി ഒരു പ്രധാന ഘടകമാണ്. ഹൃദ്രോഗം, വായുക്ഷോഭം, മൂത്ര—ജനനേന്ദ്രിയ രോഗങ്ങൾ മുതലായവയ്ക്കു പ്രതിവിധിയായും ഉത്തേജകമായും വാജീകരണം ഉദ്ദേശിച്ചും കസ്തൂരി ചേർത്ത മരുന്നുകൾ നിർദേശിക്കപ്പെടുന്നു. ഔഷധനിർമാണത്തിനായി ഏററവും അധികം കസ്തൂരി ഉപയോഗിക്കുന്ന രാജ്യം ജപ്പാനാണ്. ആണ്ടിൽ നൂററമ്പതു കിലോഗ്രാം കസ്തൂരിയോളം ജപ്പാൻകാർ വാങ്ങുന്നുണ്ടത്രെ.

വംശനാശത്തിൽനിന്നു സംരക്ഷിക്കുന്നതിനായി ഇന്ത്യാഗവണ്മെൻറ് കസ്തൂരിമാനുകളുടെ വധം നിരോധിച്ചു. ഉത്തർപ്രദേശിൽ കേദാരനാഥത്തിലും കശ്മീർ താഴ്വരയിൽ ദാച്ചീഗാമിലും ഇവയ്ക്ക് അഭയാരണ്യങ്ങൾ (സാങ്ച്വറി) ഏർപ്പെടുത്തി. ഇതിനുപുറമേ ഉത്തർപ്രദേശിൽ 'കോട്മാന്യ' എന്ന സ്ഥലത്തും ഗഢ്വാളിലെ 'ചമോളി' എന്ന സ്ഥലത്തും ഹിമാചൽപ്രദേശിൽ സം.ലയ്ക്കടുത്ത് 'കഫ്രി' എന്ന സ്ഥലത്തും മൂന്ന് കസ്തൂരിമാൻവളർത്തുകേന്ദ്രങ്ങൾ (ഫാം) സ്ഥാപിച്ചിട്ടുണ്ട്. കോട്മാന്യയിലെ വളർത്തുകേന്ദ്രത്തിൽ ഇപ്പോൾ ഇരുപത്തിമൂന്നു കസ്തൂരിമാനുകൾ ഉണ്ട്. ഇവയിൽ പത്തൊമ്പതെണ്ണവും കേന്ദ്രത്തിൽ ജനിച്ചവയാണ്. ചമോളിയിലെ വളർത്തുകേന്ദ്രത്തിലുള്ള പതിമൂന്നു കസ്തൂരിമാനുകളിൽ ഒമ്പതെണ്ണവും ബന്ധനത്തിൽ പിറന്നവയാകുന്നു. കഫ്രിയിലെ വളർത്തുകേന്ദ്രത്തിലും കസ്തൂരിമാനുകൾ പെററുപെരുകുന്നുണ്ട്.

കസ്തൂരിമാനുകളെ മെരുക്കാനുള്ള എല്ലാ പരിശ്രമങ്ങളും പരാജയപ്പെടുകയാണ് ചെയ്തിട്ടുള്ളത്. എങ്കിലും വേലിക്കെട്ടു വളർത്തിയാലും അവ ഇണചേരുകയും പെററുപെരുകുകയുംചെയ്യുമെന്ന് ഉറപ്പായിരിക്കുന്നു. പൂർണമായ വംശനാശത്തിൽനിന്ന് കസ്തൂരിമാനുകളെ സംരക്ഷിക്കുവാൻ സാധിക്കുമെന്ന പ്രതീക്ഷ ഇതുനിമിത്തം ഉളവായിട്ടുണ്ട്.

ആയുർവേദത്തിലും സിദ്ധവൈദ്യത്തിലും ഗവേഷണത്തിനുള്ള കേന്ദ്രകൗൺസിൽ (സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ആയുർവേദ ആൻഡ് സിദ്ധ—സി. സി. ആർ. എ. എസ്.) ആണ് കോട്മാന്യയിലെ കസ്തൂരിമാൻ വളർത്തുകേന്ദ്രത്തിൻെറ ചുമതല വഹിക്കുന്നത്. മററു വളർത്തുകേന്ദ്രങ്ങൾ അതാതു സർക്കാരുകളുടെ വനംവകുപ്പുകളുടെ മേൽനോട്ടത്തിലാണ്.

കസ്തൂരിമാനുകളെ കൊല്ലാതെയും അവയെ വേദനിപ്പിക്കാതെയും കസ്തൂരി പുറത്തെടുക്കുവാൻ കഴിയുമോ എന്ന ഗവേഷണം കോട്മാന്യ വളർത്തുകേന്ദ്രത്തിൽ നടന്നുവരുന്നുണ്ട്. ഇണകളെ ആകർഷിക്കുന്ന സൗരഭ്യം ചുററും പരത്താൻ വേണ്ടിയാണ് ആൺകസ്തൂരിമാനുകൾ സ്വന്തം ശരീരത്തിനുള്ളിൽ കസ്തൂരി ഉല്പാദിപ്പിക്കുന്നത്. ആണ്ടിൽ രണ്ടുതവണ വസന്തത്തിലും ഹേമന്തത്തിലും ഇവയുടെ പ്രത്യേക ഗ്രന്ഥികൾ കസ്തൂരികൊണ്ട് നിറയാറുണ്ട്. ഹേമന്തകാലത്ത് തീററ തേടി ഉയരം കുറഞ്ഞ (സമുദ്രനിരപ്പിൽനിന്ന് 1800 മീററർവരെ മാത്രം ഉയരമുള്ള) ഹിമാലയച്ചെരുവുകളിലേക്ക് ഇറങ്ങിവരുമ്പോൾ ഇവയുടെ കസ്തൂരിഗ്രന്ഥികൾ വീർത്തിരിക്കും. ആ സമയത്താണ് അധികം കള്ളവേട്ടക്കാരും ഇവയെ തോക്കിന് ഇരകളാക്കുന്നത്.

കസ്തൂരിമാനുകളെ കൊല്ലാതെയും കസ്തൂരി എടുക്കാമെന്നു കണ്ടുപിടിച്ചത് ചൈനയിലെ ഷെൻസി കമ്യൂണിൽ ഉള്ളവരാണ്. പശുവിനെ കറന്നു പാലെടുക്കുംപോലെ കസ്തൂരിമാനിനെ വേദനിപ്പിക്കാതെ കസ്തൂരി പുറത്തെടുക്കുന്ന ഈ തന്ത്രം 1958–ൽ ആണത്രെ ചൈനക്കാർ നടപ്പിൽ വരുത്തിയത്. ഇന്ത്യയിൽ ഹിമാചൽപ്രദേശിൽ സിംലയ്ക്കടുത്തുള്ള കുഫ്രിയിലെ വളർത്തുകേന്ദ്രത്തിൽ 1975 മുതൽ പല തവണ കസ്തൂരിമാനിനെ കൊല്ലാതെ കസ്തൂരി പുറത്തെടുക്കുകയുണ്ടായി. മാനിനെ ബോധംകെടുത്തിയശേഷം ശസ്ത്രക്രിയചെയ്താണ് ആദ്യത്തെ നാലു തവണ ഇവിടെ കസ്തൂരി പുറത്തെടുത്തത്. ശസ്ത്രക്രിയ ചെയ്യാതെതന്നെ കസ്തൂരി പുറത്തെടുക്കുന്ന പ്രക്രിയ 1979 മുതൽ ഇവിടെ നടപ്പിലാക്കിയിട്ടുണ്ടത്രേ. ഉത്തർപ്രദേശിൽ കോട്മാന്യയിലുള്ള വളർത്തുകേന്ദ്രത്തിൽ ഈ പ്രക്രിയ 1987–ൽ വിജയകരമായി പരീക്ഷിച്ചു നോക്കുകയുണ്ടായി. പക്ഷേ, അതിന്റെ വിശദാംശങ്ങൾ അന്നു പ്രസിദ്ധീകരിക്കുകയുണ്ടായില്ല. കസ്തൂരി കറന്നെടുത്തു മുപ്പതു മിനിററുകൾക്കകം മാൻ പൂർവാവസ്ഥയിലെത്തുമെന്നു പറയപ്പെടുന്നു. എന്നാൽ, 'തുടർന്നുള്ള പ്രവർത്തനം ഇവിടെ നടക്കുകയുണ്ടായില്ല' എന്നാണ് 1988 ആഗസ്റ്റ് 20–ാം തീയതിയിലെ 'ഹിന്ദു' പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരുന്നത്.

അമോണിയ, ഓലീൻ, കോളെസ്റ്ററീൻ, കൊഴുപ്പ്, മെഴുക്, ഗെലാററിൻ, ആൽബുമിൻ മുതലായ ജൈവവസ്തുക്കളും സോഡിയം, പൊട്ടാസിയം, കാൽസിയം എന്നിവയും കസ്തൂരിയിൽ അടങ്ങിയിരിക്കുന്നു. 'മസ്കോൺ' എന്ന ഒരുതരം എണ്ണയാണ് കസ്തൂരിക്ക് അതിന്റെ സവിശേഷസുഗന്ധം നൽകുന്നത്. എത്തിയോപ്പിയയിലെയും ഇന്ത്യയിലെയും ചിലയിനം വെരുകുകൾ, ഉത്തരധ്രുവപ്രദേശത്തു കാണുന്ന ഒരിനം കാള, പടിഞ്ഞാറെ ആസ്ട്രേലിയയിലെ ഒരുതരം താറാവ്, കാലിഫോർണിയയിലെ ഒരുവക എലി, മദ്ധ്യഅമേരിക്കയിലെ ചില തരം മുതലകളും പെരുച്ചാഴികളും ഇന്ത്യയിലെ ചിലതരം പെരുച്ചാഴികൾ എന്നിവയും ചിലതരം ചെടികളും കസ്തൂരിക്കു തുല്യമായ ചില വസ്തുക്കൾ ഉല്പാദിപ്പിക്കുന്നുണ്ട്.

കസ്തൂരിമാനുകൾ സസ്യഭുക്കുകളാണ്. പുല്ലുകൾ, പച്ചിലകൾ, വേരുകൾ, പായലുകൾ മുതലായവയാണ് അവയുടെ ആഹാരം. ഹേമന്തകാലത്ത് ഉറഞ്ഞ മഞ്ഞ് കുളമ്പുകൊണ്ട് മാന്തിനീക്കി അടിയിലുള്ള പായലും ഉണങ്ങിയ പുല്ലുകളും ഇലകളും ഇവ തിന്നുന്നു. വേനൽക്കാലത്ത് കസ്തൂരിമാനുകളുടെ നിറം കൂടുതൽ കറുപ്പുള്ളതായ കലർന്നും ഹേമന്തകാലത്ത് ഇരുണ്ടു നരച്ച നിലയിലും കാണപ്പെടുന്നു.

മാനുകളെ കൊല്ലാതെ കസ്തൂരി കറന്നെടുക്കുന്ന രീതി പ്രചരിപ്പിക്കേണ്ടതു പല കാരണങ്ങൾകൊണ്ടും ആവശ്യമാണ്. ഒന്നാമത്, അവയെ വംശനാശത്തിൽ നിന്നു രക്ഷിക്കാൻ അതുമാത്രമാണ് മാർഗ്ഗം. രണ്ടാമതു, സ്വർണ്ണത്തെക്കാൾ എത്രയോ അധികം വിലയുള്ള കസ്തൂരി ഇന്ത്യയ്ക്കു ധാരാളം വിദേശനാണ്യം നേടിത്തരുന്ന ഒരു പ്രാകൃതികവിഭവമായിരിക്കും. മൂന്നാമതായി, കസ്തൂരി ചേർത്ത ആയുർവേദ–യുനാനി ഔഷധങ്ങൾ പലരോഗങ്ങൾക്കു ഫലപ്രദമാണ്.

20 ആഗസ്റ്റ്, 1989